# പതിമൂന്നാം കേരളനിയമസഭ
# പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2643** **27/01/2014-ൽ മറുപടിക്ക്**

## ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് സെന്റർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>" ഡൊമിനിക് പ്രസന്റേഷൻ<br>" എം. പി. വിൻസെന്റ്<br>" എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് സെന്റർ സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 04/01/2014-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ള കൊച്ചി സഹകരണ മെഡിക്കൽ കോളേജ് കാമ്പസിൽ ഒരു കാൻസർ ഇൻസ്റ്റിറ്റ്യൂട്ടും റിസർച്ച് സെന്ററും സ്ഥാപിക്കുന്നതിനും, ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കുവാൻ ഒരു കൺസൽട്ടൻസിയെ നിയമിക്കുന്നതിന് ആരോഗ്യ വകുപ്പ് നടപടിയെടുക്കണമെന്നും, പ്രാരംഭ പ്രവർത്തനങ്ങൾക്കായി സ്പെഷ്യൽ ഓഫീസറെ നിയോഗിക്കണമെന്നും തീരുമാനിക്കുകയുണ്ടായി. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | കാൻസർ ചികിത്സ, ഗവേഷണം, കാൻസർ ബോധവത്കരണം മുൻകൂർ കാൻസർ നിർണ്ണയ പരിശോധന, കാൻസർ നിർണ്ണയത്തിനും ചികിത്സയ്ക്കും ആവശ്യമായ മനുഷ്യ വിഭവശേഷിയെ വാർത്തെടുക്കൽ എന്നിവയാണ് ഇതുകൊണ്ട് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) | ഇതിന്റെ വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ എന്തെല്ലാം നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (സി) | 04/01/2014-ൽ കൂടിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ Detailed Project Report ആരംഭിക്കുന്നതിനായി ഒരു കൺസൽട്ടൻസിയെ നിയോഗിക്കുവാനും ആരംഭ പ്രവർത്തനങ്ങൾക്കായി ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിക്കാനും 08/01/2014-ൽ ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചിരുന്നു. ഇതിനുള്ള നടപടികൾ ധന വകുപ്പുമായിച്ചേർന്ന് ആരോഗ്യ വകുപ്പ് കൈക്കൊണ്ട് വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | എവിടെയാണ് അത് സ്ഥാപിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (ഡി) | കൊച്ചി സഹകരണ മെഡിക്കൽ കോളേജ് കാമ്പസിലാണ് നിർദ്ദിഷ്ട കാൻസർ ഇൻസ്റ്റിറ്റ്യൂട്ടും റിസർച്ച് സെന്ററും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ